"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ശോഭന എൽ, ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1261/2023 നമ്പർ കേസിലെ 13.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1840/2023/LSGD    തീയതി,തിരുവനന്തപുരം, 18-09-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി ശോഭന എൽ, 14.07.2023 തീയതിയിൽ സർക്കാരിൽ ലഭ്യമാക്കിയ അപ്പീൽ അപേക്ഷ(അനക്ഷർ എ7)
3. ശ്രീമതി ശോഭന എൽ, ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1261/2023 നമ്പർ കേസിലെ 13.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.09.2023 തീയതിയിലെ LSGD/PD/47996/2023-DEC1 നമ്പർ കത്ത്.
5. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 05.09.2023 തീയതിയിലെ LSGD/PD/46873/2023-DEC5 നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി തിരുവന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ശോഭന എൽ, സമർപ്പിച്ച പരാമർശം 2 അപ്പീൽ (അനക്ഷർ എ7) പ്രകാരം തന്നെ കിഴുവിലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പുനപരിശോധിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ നിലനിർത്തുന്നതിന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ശോഭന എൽ, ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.1261/2023 നമ്പർ കേസിലെ 13.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക സമർപ്പിച്ച അനക്ഷർ എ7 അപ്പീൽ അപേക്ഷ പരിഗണിച്ച് ആയതിൽ ഒരു മാസത്തിനുള്ളിൽ

ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി ശോഭന എൽ , സീനിയർ ക്ലർക്ക് സമർപ്പിച്ച അപേക്ഷ പ്രകാരം പൊതു സ്ഥലം മാറ്റത്തിൽ, തന്റെ ഹോം സ്റ്റേഷനായ തിരുവനന്തപുരം നഗരസഭയിൽ നിലനിറുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കാതെ കിഴുവിലം ഗ്രാമപഞ്ചായത്തിലേക്ക് മാറ്റിയതായും, സർവ്വീസിൽ നന്ന് വിരമിക്കുവാൻ 8 മാസം മാത്രമുള്ള തന്നെ, ആരോഗ്യപ്രശ്നങ്ങൾ പരിഗണിച്ച് ഹോം സ്റ്റേഷനായ തിരുവനന്തപുരം കോർപ്പറേഷനിൽ നിലനിർത്തുന്നതിന് അപേക്ഷിക്കുകയുണ്ടായി..

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ഉണ്ടായ ഒഴിവിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ 05.09.2023 ഉത്തരവ് പ്രകാരം ശ്രീമതി ശോഭന എൽ, സീനിയർ ക്ലർക്ക് ന് തിരുവനന്തപുരം കോർപ്പറേഷനിൽ നിയമനം നൽകിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, അപേക്ഷകയുടെ ആവശ്യം നിലവിൽ പരിഗണിച്ചിട്ടുള്ളതിനാൽ അപ്പീൽ അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് ആയത് തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.1261/2023 നമ്പർ കേസിലെ 13.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീമതി ശ്രീമതി ശോഭന എൽ, സീനിയർ ക്ലർക്ക്, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-09-2023 13:55:33
സെക്ഷൻ ഓഫീസർ